## ആമുഖം

പാലാ നഗരസഭയുടെ തെക്കെ അതിർത്തിയിൽ പാലാ പൊൻകുന്നം റോഡിന്റെ ഓരത്ത് സ്ഥിതിചെയ്യുന്ന ഒരു പൊതു വിദ്യാലയമാണ് ഗവ. എൽ. പി. സ്കൂൾ പാലാ സൗത്ത്. ഭൗതിക കാര്യങ്ങളിൽ ഏറെ പരിമിതിയുണ്ടെങ്കിലും അക്കാദമിക കാര്യങ്ങളിൽ ഏറെ മുന്നേറുവാൻ ഈ സ്കൂളിന് സാധിക്കുന്നുണ്ട്.

## ചരിത്രം

1915 മെയ് 24 ന് പ്രവർത്തനമാരംഭിച്ച ഈ സ്കൂളിന്റെ ആദ്യകാലരേഖകളിൽ എൽ. ജി. ഇ. സ്കൂൾ എന്നാണ് എഴുതി കാണുന്നത്. യാത്ര സൗകര്യം പരിമിതമായിരുന്ന അക്കാലത്ത് സാമ്പത്തികശേഷി കുറവായിരുന്ന ഇന്നാട്ടിലെ പല കുട്ടികൾക്കും സ്കൂൾ വിദ്യാഭ്യാസം ഒരു മരീചികയായിരുന്ന സമയത്താണ് നാട്ടുകാരുടെ ശ്രമഫലമായി തിരുവിതാംകൂർ സർക്കാരിന്റെ അനുമതിയോടെ കടയത്ത് വരകപ്പിള്ളി ഇല്ലം, വണ്ടനാനിക്കൽ, തൊട്ടിപ്പാട്ട് എന്നീ കുടുംബക്കാർ സംഭാവനയായി നൽകിയ സ്ഥലത്ത് സ്കൂൾ കെട്ടിടം പണിത് പ്രവർത്തനമാരംഭിച്ചത്. ആദ്യബാച്ചിൽ 242 കുട്ടികളാണ് പ്രവേശനം നേടിയത്. ഒരു പ്രഥമാധ്യാപകനും 3 അധ്യാപകരും ഒരു തൂപ്പുകാരിയും ഉണ്ടായിരുന്നു.

പാലാ പൊൻകുന്നം റോഡിനു സമീപം കടകം ഭാഗത്തു സ്ഥിതി ചെയ്യുന്ന ഈ

സ്കൂളിന് സ്ഥലപരിമിതി അന്നും ഒരു പ്രശ്നമ
രുന്നെങ്കിലും കാലാനുസൃതമായ മാറ്റങ്ങൾ വന്നുകൊണ്ട്
2006-ൽ പ്രീ-പ്രൈമറി വിഭാഗം ആരംഭിച്ചു. ക്ലാസ് മുറ
മുറ്റവും ടൈൽ പതിപ്പിച്ചും ചുറ്റുമതിൽ നിർമ്മി
സ്കൂൾ മനോഹരമാക്കിയിരിക്കുന്നു. 2015-ൽ പൊത
നങ്ങളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സഹകര
ണത്തോടെ അതിവിപുലമായ രീതിയിൽ ഈ വിദ്യാല
മുത്തശ്ശിയുടെ ശതാബ്ദിയാഘോഷിക്കുകയുണ്ടായി.

## നിലവിലുള്ള അവസ്ഥ

### ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1. | ജി. ബിന്ദു | HM |
| 2. | സോണി അഗസ്റ്റിൻ | LPSA |
| 3. | മാനിയ തോമസ് | LPSA |
| 4. | മിന്റു മാത്യു | LPSA |
| 5. | സുശീല . എസ് | PTCM |
| 6. | ശ്രീന K. നായർ | പ്രീ-പ്രൈമറി ടീച്ചർ |

### കുട്ടികളുടെ എണ്ണം 2025-26

| | ആൺ | പെൺ | ആകെ |
|---|---|---|---|
| പ്രൈമറി വിഭാഗം | 25 | 31 | 56 |
| പ്രീ-പ്രൈമറി വിഭാഗം | 17 | 16 | 33 |

## അക്കാദമിക മികവുകൾ

2024-25 അധ്യയന വർഷത്തിൽ ഈ സ്കൂളിലെ അഭിനവ് രഞ്ജി LSS സ്കോളർഷിപ്പിന് അർഹനായി. സ്കൂളിലെ എല്ലാ അക്കാദമിക പ്രവർത്തനങ്ങളും ഭംഗിയായി നടത്തുന്നതിന് കഴിഞ്ഞു. ദിനാചരണങ്ങളും കലാകായിക പ്രവൃത്തനങ്ങളും ഏറ്റവും വിജയകരമായി പൂർത്തിയായി. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

## പരിമിതികൾ

സ്ഥലപരിമിതി ഞങ്ങളുടെ പ്രധാന പ്രശ്നമാണ്. നിത്യേനയുള്ള അസംബ്ലി നടത്തുവാനുള്ള മുറ്റമോ മറ്റു സൗകര്യങ്ങളോ ഇല്ല. കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തിനായി ഒരു കളിസ്ഥലവും അത്യന്താപേക്ഷിതമാണ്. ഐടി ലാബും ആധുനിക സൗകര്യങ്ങളോടുകൂടിയ ഭക്ഷണശാലയും ഇവിടെ അത്യാവശ്യമാണ്. രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കല - പ്രവൃത്തിപരിചയ മേഖലകളിൽ മികച്ച പരിശീലനം നൽകുന്നതിന് തടസ്സമായി നിൽക്കുന്നു. പ്രീ-പ്രൈമറിയിലേക്ക് ഒരു ആയയെ നിയമിക്കേണ്ടത് സ്കൂളിന്റെ ആവശ്യങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നു.

# അക്കാദമികം

## ഭാഷാമേഖല - മലയാളം ഭാഷ

### ലക്ഷ്യം

- എല്ലാ കുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുക.
- എല്ലാ കുട്ടികൾക്കും ഭാഷാ വ്യവഹാര രൂപങ്ങൾ പ്രകടിപ്പിക്കുന്നതിനും സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും ഉള്ള കഴിവുകൾ വികസിപ്പിക്കുന്നതിന്.
- ഭാഷാ ശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.

### പ്രവർത്തനങ്ങൾ

#### പ്രാരംഭകാലം

##### പ്രീടെസ്റ്റ്

മികവുകളും പരിമിതികളും കണ്ടെത്തൽ 2, 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് ജൂൺ ആദ്യവാരം തന്നെ ഓരോ വിഷയങ്ങൾക്കും പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് കണ്ടെത്തി തയ്യാറാക്കുന്നു.

## വായനാദിനവുമായി ബന്ധപ്പെട്ട് വായനാവാരം

### വായനാ മത്സരം

മികച്ച വായനക്കാരെ കണ്ടെത്തി സമ്മാനം.

### ക്വിസ് മത്സരം

വായനാദിനവുമായി ബന്ധപ്പെട്ട ചോദ്യാവലി തയ്യാറാക്കി മത്സരം നടത്തുന്നു. വിജയികൾക്ക് പുസ്തകം സമ്മാനമായി നൽകുന്നു.

### വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

അധ്യാപകർ മാതൃക വായനക്കുറിപ്പ് തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. കുട്ടികൾക്ക് വായനാക്കുറിപ്പ് തയ്യാറാക്കാൻ അവസരം നൽകുന്നു. മികച്ച വായനാക്കുറിപ്പിന് സമ്മാനം നൽകുന്നു.

### അമ്മ വായന

വായന ദിനത്തോടനുബന്ധിച്ച് മാതാക്കൾക്ക് ലൈബ്രറിയിൽ നിന്നും പുസ്തകം വായിക്കാൻ നൽകുന്നു.

### ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പതിപ്പുകൾ തയ്യാറാക്കുന്നു

കുറിപ്പുകൾ, വിവരണങ്ങൾ, പത്രക്കട്ടിങ്ങുകൾ, ചിത്രങ്ങൾ, ചോദ്യാവലികൾ, ദിനത്തിന്റെ പ്രാധാന്യം ഇവ ഉൾപ്പെടുത്തുന്നു.

### ഉറക്കെയുള്ള വായന

വായന മത്സരം, ഉച്ചാരണ ശുദ്ധി, വ്യക്തത, ശബ്ദവ്യത്യാസം ഇവ മാനദണ്ഡമാക്കുന്നു.

ലഘുനാടകം

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ലഘുനാടകങ്ങൾ രൂപീകരിക്കുന്നു.

ശില്പശാലകൾ

കഥ, കവിത, നാടൻപാട്ട് - പ്രഗൽഭരായവരെ പങ്കെടുപ്പിച്ച് ശിൽപശാലകൾ നടത്തുന്നു.

ചുമതലകൾ - പി.ടി.എ, എസ്.എസ്.എ, ക്ലാസ് ടീച്ചർ

സാമ്പത്തിക വിശകലനം - 4000 രൂപ.

മധ്യകാലം

- വായന കാർഡുകൾ നൽകി വായന
- പത്രത്തിൽ നിന്നും വാർത്ത ശേഖരിച്ച് അസംബ്ലിയിൽ അവതരണം
- ലൈബ്രറി പുസ്തകങ്ങൾ നൽകി വായനയെ പരിപോഷിപ്പിക്കുന്നു. ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കി അസംബ്ലിയിൽ അവതരണം.
- ഡയറി എഴുത്ത് - നിരന്തര ഡയറിക്കുറിപ്പുകൾ തയ്യാറാക്കുന്നു.
- ബാലസഭ - കുട്ടികൾ തന്നെ നടത്തുന്നു.
- വിദ്യാരംഗം കലാസാഹിത്യവേദി.
- എല്ലാ കുട്ടികളുടെയും സൃഷ്ടികൾ ഉൾപ്പെടുത്തി ഒരു മാഗസിൻ - പൊതുയോഗത്തിൽ പ്രകാശനം.

ശ്രദ്ധ - എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ആഴ്ചയിൽ 3 മണിക്കൂറെങ്കിലും പ്രത്യേക പ്രവർത്തനങ്ങൾ ഇടവേള സമയങ്ങളിൽ നൽകുന്നു.

മലയാളത്തിളക്കം

എഴുത്തിലും വായനയിലും പുറകിൽ നിൽ
കുട്ടികൾക്ക് നിർദിഷ്ട പുസ്തകത്തിലെ പ്രവർത്ത
നൽകി മറ്റുള്ളവർക്കൊപ്പം എത്തിക്കുന്നു.

ചുമതലകൾ

ക്ലാസ് ടീച്ചേഴ്സ്, PTA, SRG

സാമ്പത്തികം 5000 രൂപ / PTA, SSA

ദീർഘകാലം

ഒന്നിൽ ചേരുന്ന കുട്ടികളിൽ നിന്നും 4-ാം
പൂർത്തിയാകുമ്പോഴേക്കും മികച്ച കഥ/കവിത/പ്രാ
പ്രതിഭയെ വാർത്തെടുക്കുന്നു.

Std I – കഥ, കവിത, പ്രസംഗം കേൾക്കുന്നതിനുള്ള അ
രം നൽകുന്നു. വാക്കുകൾ കൂട്ടിച്ചേർത്ത് വരികൾ
ത്തിയാക്കുന്നു. പതിപ്പ് തയ്യാറാക്കുന്നു.
അസംബ്ലി, ബാലസഭ എന്നിവിടങ്ങളിൽ ലഘു വാ
പറയുന്നതിനവസരം
ചിത്രങ്ങൾ നൽകി കഥ പൂർത്തിയാക്കൽ

Std II – കഥയുടെ കുറച്ചുഭാഗം നൽകി ബാക്
ത്തിയാക്കുന്നു. വരികൾ പൂർത്തിയാക്കുന്നു.
നിർദിഷ്ട വിഷയങ്ങളെക്കുറിച്ച് ലഘുപ്രസംഗങ്ങൾ

കഥ, കവിത എന്നിവ പതിപ്പ് നിർമ്മാണത്തിൽ ഉൾപ്പെടുത്തുന്നു .

Std III – തലക്കെട്ടുകൾക്ക് അനുയോജ്യമായ രീതിയിൽ
കഥ /കവിത നിർമ്മിക്കുന്നു.
പതിപ്പിലേക്ക് ഉൾക്കൊള്ളിക്കുന്നു .

പ്രശസ്ത കവികളുടെ /കഥാകാരന്മാരുടെ രചനകൾ കേൾക്കുന്നതിനവസരം നൽകുന്നു.
ശില്പശാലകളിൽ പങ്കെടുക്കുന്നു.
സ്വതന്ത്ര രചന നടത്തുന്നു.
മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

Std IV – സ്വതന്ത്ര വായനക്ക് അവസരം
നിർദ്ദിഷ്ട വിഷയങ്ങളെ അടിസ്ഥാനമാക്കി സ്വതന്ത്ര രചന നടത്തുന്നതിനവസരം.
സ്വന്തമായി പതിപ്പുകൾ നിർമ്മിക്കുന്നു.
ശില്പശാലകളിൽ പങ്കെടുക്കുന്നു.
മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.
പ്രതിഭകളുടെ സ്കൂൾതല പ്രകടനം /പ്രദർശനം.

ക്ലാസ് ലൈബ്രറി – നാലു വർഷം കൊണ്ട് ഓരോ ക്ലാസിലും പരമാവധി പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലാസ് ലൈബ്രറി രൂപീകരിക്കുന്നു. ആദ്യ വർഷം ക്ലാസിന് എന്ന ക്രമത്തിൽ സ്പോൺസറെ കണ്ടെത്തി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കി പൂർത്തിയാക്കുന്നു.

ചുമതലകൾ – HM, പൂർവ വിദ്യാർത്ഥി സംഘടന,

ക്ലാസ് ടീച്ചേഴ്സ്

സാമ്പത്തിക വിശകലനം - 20000, സ്പോൺസർ.

<u>പത്രവായന</u>

പത്രവായന കുട്ടികളുടെ നിത്യജീവന്റെ ഭാഗമായി മാറ്റാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു സ്പോൺസർമാരെ കണ്ടെത്തി 2 തരം പത്രങ്ങളെ ങ്കിലും വർഷാരംഭം മുതൽ സ്കൂളിലെത്തിച്ച് കുട്ടികൾക്ക് വായനക്ക് നൽകുന്നു.

3, 4 ക്ലാസുകളിലെ കുട്ടികൾ വായനബുക്കിൽ പ്രധാനവാർത്തകളും പേപ്പർ കട്ടിംഗുകളും തയ്യാറാക്കുന്നു. ദിവസേന ഇവ ക്ലാസിൽ വായിക്കാനവസരം നൽകുന്നു. മികച്ച വാർത്താ ബുക്കിന് വർഷാവസാനം സമ്മാനം നൽകുന്നു. 1, 2 ക്ലാസിലെ കുട്ടികൾ പ്രത്യേക അക്ഷരം വരുന്ന വാക്കുകൾ കണ്ടെത്തുക, തലക്കെട്ടുകൾ വായിക്കുക, ദേശീയ പ്രാധാന്യമുള്ള ചിത്രങ്ങൾ ശേഖരിക്കുക എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ഉപമേഖല - ഇംഗ്ലീഷ് ഭാഷ

### ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷയിൽ താൽപര്യം ജനിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷ വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനും ശേഷി നേടുക.
- സ്വഭാഷാക്കാൻ ഇംഗ്ലീഷിൽ പ്രാവീണ്യം നേടുക.
- കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന്
- കൂടുതൽ പുസ്തകങ്ങൾ വായിക്കുന്നതിലൂടെ ഭാഷാ ശേഷി വികസിക്കുന്നതിന്

### പ്രവർത്തനങ്ങൾ

#### ഹ്രസ്വകാലം

- പ്രീ-ടെസ്റ്റ് മുന്നറിവ് പരിശോധന.
- മുന്നറിവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ
- വായന കാർഡുകൾ നൽകി വായനയെ പ്രോത്സാഹിപ്പിക്കുന്നു.
- ഇംഗ്ലീഷ് കളികളിലൂടെ പഠിക്കാം. അക്ഷരം/വാക്ക് എഴുതിയ കാർഡുകൾ നൽകി പദസമ്പത്ത് വർധിപ്പിക്കുന്നു.
- പദപ്രശ്നങ്ങൾ പൂർത്തിയാക്കുന്നു.

– ചുറ്റുപാടുമുള്ള വസ്തുക്കളെക്കുറിച്ച് തൈ
നിലവാരത്തിനനുസരിച്ച് വിവരണം തയ്യാറാക്കുന്നു
അവ ശേഖരിച്ച് ഒട്ടിക്കുന്നു.

ചുമതല – SRG, ക്ലാസ് ടീച്ചർ
സാമ്പത്തികം – SSA, ടീച്ചർ ഗ്രാന്റ്.

<u>മധ്യകാലം</u>

– ഹലോ ഇംഗ്ലീഷ്
– ഇംഗ്ലീഷ് അസംബ്ലി – ആഴ്ചയിൽ ഒരു ദി
കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു.

– Diary writing class 3 and 4 every da

– One day one activity
Presentation of one English activity
Skit, Role play Speech etc. In each c
every day.

– Making magazines per class and each st

– Communicative English class with hel
ICT one day in every week.

– Role-play in Balasabha and School Annivers

ദീർഘകാലം

Making Dictionary

ഒന്നാം ക്ലാസിൽ വച്ച് കുട്ടിക്ക് A to Z വരെയുള്ള അക്ഷരങ്ങൾ ഇടവിട്ട പേജിൽ എഴുതിയ വലിയ ബുക്ക് നൽകുന്നു. കുട്ടികൾ തങ്ങൾക്കു കിട്ടിയ ന്യൂ വേർഡുകൾ (ഉദാ: ന്യൂസ്പേപ്പർ, ടെക്സ്റ്റ് ബുക്ക്, ലൈബ്രറി ബുക്ക്സ് etc) അർത്ഥം സഹിതം നിർദിഷ്ട പേജുകളിൽ എഴുതുന്നു. അനുയോജ്യമായ ചിത്രങ്ങൾ ഒട്ടിക്കുന്നു. നാലാം ക്ലാസ് പൂർത്തിയാകുമ്പോൾ നല്ലൊരു നിഘണ്ടുവായി മാറുന്നു.

Easy Speaking

- 1-ാം ക്ലാസ് മുതലേ കോൺവർസേഷനുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
- ഐ.സി.ടിയുടെ സാധ്യത പരമാവധി ഉപയോഗിക്കുന്നു. ക്ലാസിൽ നിന്നും പുറത്തു പോകുന്ന കുട്ടിയെ ഒഴുക്കോടെ ഇംഗ്ലീഷ് സംസാരിക്കുന്നതിന് പ്രാപ്തനാക്കുന്നു.

# ഉപമേഖല പരിസരപഠനം

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും യുക്തിസഹമായി ചിന്തിക്കുന്നതിനും നിരീക്ഷണ - പരീക്ഷണങ്ങളിലൂടെ കാര്യ ബന്ധം കണ്ടെത്തി അപഗ്രഥിച്ചു നിഗമനത്തിൽ എത്തിച്ചേരുന്നതിനും ശാസ്ത്രാവബോധം വളർത്തുന്ന പ്രകൃതിയെ അറിഞ്ഞ് ഭാവി ജീവിതം കരുപ്പിടിപ്പി

## പ്രവർത്തനങ്ങൾ

### ഹ്രസ്വകാലം

1. പ്രീ ടെസ്റ്റ്

മികവുകളും പരിമിതികളും കണ്ടെത്തൽ :

ആദ്യ വാരം തന്നെ പരിസരപഠനവുമായി ബന്ധ പ്രീ ടെസ്റ്റ് നടത്തി. കുട്ടികളുടെ മികവുകളും പ കളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്ക നുള്ള പ്രവർത്തന പാക്കേജ് കണ്ടെത്തി ന ക്കുന്നു.

2. ദിനാചരണങ്ങൾ

ജൂൺ 5 - പരിസ്ഥിതി ദിനം — ദിനാചരണ ബന്ധപ്പെട്ട് സ്കൂൾ പരിസരത്തും വീട്ടിലും തൈകൾ നടുന്നു. വൃക്ഷത്തൈകൾക്ക് സംരക്ഷ നൽകുന്നു.

പരിസ്ഥിതി ദിന ക്വിസ് , പോസ്റ്റർ നിർമ്മാണം
– ചിത്രരചന , ദിനത്തിന്റെ പ്രാധാന്യം വ്യക്തമാ
ക്കിക്കൊണ്ട് കുറിപ്പ് തയ്യാറാക്കൽ .

3. ജൂലൈ 21 – ചാന്ദ്രദിനം

അസംബ്ലിയിൽ ചാന്ദ്ര ദിന പ്രത്യേകത അവതരി
പ്പിക്കുന്നു. പതിപ്പ് തയ്യാറാക്കൽ , ചാന്ദ്ര ദിന ക്വിസ് –
ചന്ദ്ര നിരീക്ഷണം .

4. ഓഗസ്റ്റ് 15 – സ്വാതന്ത്ര്യദിനം

പൊതു അസംബ്ലി – വാർഡ് പ്രതിനിധി
ഉദ്ഘാടനം – പതാക ഉയർത്തൽ , ആദരിക്കൽ , സ്വാത
ന്ത്ര്യദിന സന്ദേശം നൽകൽ , ദേശഭക്തിഗാനാലാപനം ,
പതാക നിർമ്മാണ മത്സരം , ക്വിസ് മത്സരം , മധുര
വിതരണം .

5. സെപ്തംബർ 5 – അധ്യാപക ദിനം

അധ്യാപകരെ ആദരിക്കൽ , ആശംസ കാർഡ്
നിർമ്മാണം , കുട്ടി അധ്യാപകർക്ക് ഒരു ദിനം .

6. ഓണം

പൊതു സമൂഹത്തെ ഉൾപ്പെടുത്തി ഗംഭീര
മായി ഓണാഘോഷ പരിപാടികൾ നടത്തുന്നു .
കുട്ടികളുടെ കലാപരിപാടികൾ , ഓണപ്പൂക്കളം ,
ഓണസദ്യ .

7. ഒക്ടോബർ 2 - ഗാന്ധി ജയന്തി

സേവന ദിനത്തിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു. ഗാന്ധി ക്വിസ്, രാഷ്ട്രപിതാവിനെ അനുസ്മരിക്കുന്നു.

8. നവംബർ 14 - ശിശുദിനം

ശിശുദിനറാലി, ദേശീയ നേതാക്കളെ അനുസ്മരിക്കൽ, ജവഹർലാൽ നെഹ്റു അനുസ്മരണം, മധുരം നൽകൽ

9. ഡിസംബർ 25 - ക്രിസ്തുമസ്.

ക്രിസ്മസ് കേക്ക് മുറിക്കൽ, ട്രീ ക്രിസ്മസ് സമ്മാനം കൈമാറൽ, ക്രിസ്മസ് പാപ്പ, ക്രിസ്തുമസ് കരോൾ ഗാനാലാപനം.

10. ജനുവരി 26 - റിപ്പബ്ലിക് ദിനം

പതാക ഉയർത്തൽ, പതാകയെ അഭിവാദ്യം, ദേശഭക്തി ഗാനാലാപനം, സന്ദേശം നൽകൽ.

ഓരോ മാസത്തിലെയും മറ്റു പ്രധാന ദിനങ്ങൾ ആലോചിക്കുകയും ആചരിക്കുകയും ചെയ്യുന്നു.

ഫീൽഡ് ട്രിപ്പ്

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് പോസ്റ്റ് ഓഫീസ്

കൃഷിയിടം, കുളം, കാവ്, വായനശാല ഫീൽഡ് ട്രിപ്പ് നടത്തുന്നു.

പഠനയാത്ര

പാഠപുസ്തക അറിവിൽ നിന്ന് നേരിട്ട് കണ്ടറിയുന്നു.

ആരോഗ്യ പരിശോധന ക്യാമ്പ്

ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആരോഗ്യപരിശോധന ക്യാമ്പ് നടത്തുന്നു. ബോധവൽക്കരണ ക്ലാസ് - പരിഹാരം നിർദ്ദേശിക്കൽ.

## മധ്യകാലം

അഭിമുഖം

കൃഷി, നാട്ടറിവ്, പൊതുസ്ഥാപനങ്ങൾ, സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട വ്യക്തികൾ തുടങ്ങിയവരെ സ്കൂളിൽ ക്ഷണിച്ചു വരുത്തി അവരുമായി അഭിമുഖ സംഭാഷണം നടത്തുന്നതിന് അവസരം നൽകുന്നു.

സെമിനാർ, ബോധവൽക്കരണം.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും മൂല്യബോധം ഉറപ്പിക്കുന്നതിനും വേണ്ടി സെമിനാറുകളും രക്ഷിതാക്കൾക്ക് ബോധവൽക്കരണവും നടത്തുന്നു.

## പതിപ്പുകൾ, മാഗസിനുകൾ

പാഠ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെ

പതിപ്പുകൾ എന്ന രീതി

ഓരോ കുട്ടിക്കും പതിപ്പുകൾ എന്ന നിലയിലും

സ്കൂളിന് ഒരു മാഗസിൻ എന്ന

ക്കുന്നു .

## പ്രശ്നോത്തരി - സമ്മാനപ്പെട്ടി

ഓരോ ആഴ്ചയിലും നിർദിഷ്ട

ന്യമായും ആനുകാലികമായും ബന്ധപ്പെട്ട് പ

ത്തരി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം ക

സമ്മാനപ്പെട്ടിയിൽ നിക്ഷേപിക്കുന്നു. കൂടുതൽ

നേടിയ ആളിന് സമ്മാനം നൽകുന്നു.

ചുമതലകൾ - ക്ലാസ് അധ്യാപകർ, PTA

സാമ്പത്തികം - 5000/- SSA, PTA.

# ദീർഘകാലം

## വാൾ പെയിന്റിംഗ്

മുനിസിപ്പാലിറ്റി, ജില്ല, സംസ്ഥാനം, രാജ്യം എന്ന രീതിയിൽ സ്കൂൾ ഭിത്തിയും ചുറ്റുമതിലും ഭൂപടങ്ങൾ വരച്ച് മനോഹരമാക്കുന്നു. ഔദ്യോഗിക ചിഹ്നങ്ങൾ, മഹത് വ്യക്തികൾ, ലോകാത്ഭുതങ്ങൾ എന്നിവയും ഉൾപ്പെടുത്തുന്നു.

## ജൈവ വൈവിധ്യ ഉദ്യാനം

സ്കൂൾ പരിസരത്തുള്ള കാടു പിടിച്ചു കിടക്കുന്ന സ്ഥലം ജൈവവൈവിധ്യ പാർക്കാക്കി രൂപാന്തരപ്പെടുത്തുന്നു. നാട്ടു സസ്യങ്ങൾ, ഔഷധ സസ്യങ്ങൾ, ആമ്പൽ കുളം എന്നിവ ഉൾക്കൊള്ളിച്ച് പടിപടിയായി പാർക്ക് വികസിപ്പിക്കുന്നു.

ചുമതലക്കാർ - മുനിസിപ്പാലിറ്റി, SRG, PTA

സാമ്പത്തികം - മുനിസിപ്പാലിറ്റി, PTA.

# ഉച്ചവേള - ഗണിതം

## ലക്ഷ്യങ്ങൾ

- കുട്ടികളിൽ സംഖ്യാബോധം ഉറപ്പിക്കുക
- ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രശ്നങ്ങ
അപഗ്രഥിച്ച് നിഗമനത്തിൽ എത്താൻ സാധ
നത്തിലൂടെ പ്രായോഗിക ജീവിതത്തിന് പ്രാ
ക്കുക.
- ഗണിതപഠനം രസകരവും ആയാസരഹിതവും ര
- ഗണിതത്തിൽ താൽപര്യം ജനിപ്പിക്കുക.
- രസകരമായ ഗണിത കേളികളിൽ സ്വയം ഏർപ്പെട
- ഗണിതാവബോധം വളർത്തുക.
- ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഗണിതപഠ
ലളിതമാക്കുക.

## പ്രവർത്തനങ്ങൾ

### ഹ്രസ്വകാലം

1. പ്രീ ടെസ്റ്റ്
2. പ്രവർത്തന പാക്കേജ് തയ്യാറാക്കൽ [പ്രതി
പരിഹരിക്കുന്നതിന്]
3. ശില്പശാല – ഗണിത ലാബിലേക്കുള്ള സാമഗ്രികൾ
റാക്കുന്നതിന് സമർത്ഥരായ വ്യക്തികളുടെ സേവ
പ്രയോജനപ്പെടുത്തുന്നു.

4. ഗണിതോൽസവം - കുട്ടികൾ നിർമ്മിച്ച ഗണിത സാമഗ്രികളുടെ പ്രദർശനം, ഗണിത ക്വിസ് മത്സരം എന്നിവ ഉൾപ്പെടുത്തുന്നു.

ചുമതല - SRG

സാമ്പത്തികം - 5000/- PTA, SSA.

<u>മധ്യകാലം</u>

1. ഗണിത കേളികൾ - സംഖ്യാകാർഡുകൾ, പസിലുകൾ, പാമ്പും കോണിയും തുടങ്ങിയവ ഉപയോഗിച്ചുള്ള ഗണിത കേളികളിൽ ഏർപ്പെടുന്നു.
2. ഐ സി ടി പരമാവധി ഉപയോഗിച്ച് ക്ലാസ് പ്രവർത്തനങ്ങൾ സജീവമാകുന്നു.
3. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ - സ്കൂളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകുന്നു. വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം നൽകുന്നു.
4. ഗണിത ശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സന്ദർഭോചിതമായി നടത്തുന്നു. ക്ലാസ് തല പതിപ്പുകൾ തയ്യാറാക്കുന്നു.
5. എന്റെ ഗണിത പുസ്തകം

ക്ലാസ് നിലവാരത്തിനനുസരിച്ച് എല്ലാ കുട്ടികൾക്കും എന്റെ ഗണിത പുസ്തകം രൂപപ്പെടുത്തുന്നു.

ചുമതല - SRG

സാമ്പത്തിക വിശകലനം - 3000/- SSA, PTA.

4. ഗണിതോത്സവം - കുട്ടികൾ നിർമ്മിച്ച ഗണിത സാമഗ്രികളുടെ പ്രദർശനം, ഗണിത ക്വിസ് മത്സരം എന്നിവ ഉൾപ്പെടുത്തുന്നു.

ചുമതല - SRG

സാമ്പത്തികം - 5000/- PTA, SSA.

## മധ്യകാലം

1. ഗണിത കേളികൾ - സംഖ്യാകാർഡുകൾ, പസിലുകൾ, പാമ്പും കോണിയും തുടങ്ങിയവ ഉപയോഗിച്ചുള്ള ഗണിത കേളികളിൽ ഏർപ്പെടുന്നു.
2. ഐ സി ടി പരമാവധി ഉപയോഗിച്ച് ക്ലാസ് പ്രവർത്തനങ്ങൾ സജീവമാക്കുന്നു.
3. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ - സ്കൂളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകുന്നു. വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം നൽകുന്നു.
4. ഗണിത ശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സന്ദർഭോചിതമായി നടത്തുന്നു. ക്ലാസ് തല പതിപ്പുകൾ തയ്യാറാക്കുന്നു.
5. എന്റെ ഗണിത പുസ്തകം

   ക്ലാസ് നിലവാരത്തിനനുസരിച്ച് എല്ലാ കുട്ടികൾക്കും എന്റെ ഗണിത പുസ്തകം രൂപപ്പെടുത്തുന്നു.

ചുമതല - SRG

സാമ്പത്തിക വിശകലനം - 3000/- SSA, PTA.

## ദീർഘകാലം

## ഗണിത പ്രതിഭകളെ വാർത്തെടുക്കൽ

ക്ലാസിൽ എത്തുന്ന കുട്ടികളിൽ നി, ന്നികച്ച ഗണിത പ്രതിഭയെ കണ്ടെത്തുന്നു. നിലവാര, മികച്ച ഗണിത പ്രതിഭയെ കണ്ടെത്തുന്നു. നിലവാരം അനുസരിച്ചുള്ള വർക്ക് ഷീറ്റുകൾ, ഗണിത ശാസ്ത്രജ്ഞ, നസരിച്ചുള്ള അറിവുകൾ, ഗണിത കേളികൾ, ക്വിസ് മ, ത്സരങ്ങൾ തുടങ്ങിയവ ക്രമാനുഗതമായി നടത്തുന്നു. 3, 4 ക്ലാസുകളിൽ എത്തുമ്പോൾ ഇവരെ ഒത്തു ചേർത്തുകൊണ്ട് ഒരു ഗണിത സംഘം രൂപീകരിക്കുന്നു.

ചുമതല - SRG

സാമ്പത്തിക വിശകലനം - 25000 /- SSA .

## മേഖല - ഭൗതികം

### ലക്ഷ്യങ്ങൾ

- സ്കൂളും പരിസരവും ആകർഷണീയമാക്കുന്നതിലൂടെ സ്കൂളിലെ കുട്ടികളുടെ പഠനം വർദ്ധിപ്പിക്കുക.
- സുരക്ഷിതമായ സ്കൂൾ കെട്ടിടം ഒരുക്കുന്നതിലൂടെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുക.
- വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം സൃഷ്ടിച്ച് കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുക.
- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തി ആരോഗ്യം പാലിക്കുക.
- ഹൈടെക് വിദ്യാഭ്യാസം നൽകുക.
- ലൈബ്രറി ഉപയോഗം കാര്യക്ഷമമാക്കുക.
- മെച്ചപ്പെട്ട യാത്രാസൗകര്യം ലഭ്യമാക്കുക.
- ആരോഗ്യ ശുചിത്വത്തിലും ഉറപ്പുവരുത്തുക.
- അംഗപരിമിതരുടെ ആരോഗ്യവും ശുചിത്വവും പഠനവും ഉറപ്പുവരുത്തുക.
- മാനസിക ഉല്ലാസം ഉറപ്പുവരുത്തുക.

### ഭൗതികം - പ്രവർത്തനങ്ങൾ

1. സ്കൂൾ കെട്ടിടത്തിലുള്ള കേടുപാടുകൾ തീർത്ത് സ്കൂളിന്റെ സുരക്ഷ ഉറപ്പാക്കുക.
2. സ്കൂളിന്റെ ചുറ്റുമതിൽ പൂർത്തിയാക്കുക.

കാലം

ഹ്രസ്വകാലം

ചുമതല

പി.ടി.എ , S.S.A , മുനിസിപ്പാലിറ്റി.

സാമ്പത്തിക വിശകലനം

1000000 (പത്തുലക്ഷം രൂപ)

സ്കൂൾ ബ്യൂട്ടിഫിക്കേഷൻ

സ്കൂൾ അന്തരീക്ഷം വിവിധ കളി കരണങ്ങൾ കൊണ്ട് അലങ്കരിച്ചും ചെടികൾ വച്ചു പിടിപ്പിച്ചും ആകർഷകമാക്കുന്നു.

കാലം

മധ്യകാലം

ചുമതല

പി.ടി.എ

സാമ്പത്തിക വിശകലനം

200000/- (രണ്ടു ലക്ഷം) രൂപ

സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം

കുട്ടികളുടെ സ്വതന്ത്രമായ ചലനത്തിന് സഹായകമായ വിധത്തിലുള്ള ഇരിപ്പിടങ്ങളും ബ്ലാക്ക് ബോർഡുകളും അടങ്ങുന്ന സ്മാർട്ട് ക്ലാസ്റൂമുകൾ നിർമ്മിക്കുക.

കാലം

മധ്യകാലം

ചുമതല

പി.ടി.എ.

സാമ്പത്തിക വിശകലനം

300000 (3 ലക്ഷം) രൂപ SSA യിൽ നിന്നും ലഭ്യമാക്കുന്നു.

ലൈബ്രറി റീഡിങ് റൂം നിർമ്മാണം

ലൈബ്രറി, റീഡിങ് റൂം നിർമ്മിച്ച് അതിൽ ആവശ്യത്തിന് അലമാരകൾ, മേശകൾ, ഡസ്ക്, ബെഞ്ച്, കസേരകൾ. എന്നിവ ലഭ്യമാക്കി നല്ല വായനാമുറി ഒരുക്കുന്നു.

കാലം

ദീർഘകാലം

ചുമതല

പി.ടി.എ

സാമ്പത്തിക വിശകലനം

1000000 (പത്തുലക്ഷം) രൂപ - SSA.

കളിസ്ഥല നിർമ്മാണം

സ്കൂൾ കെട്ടിടത്തിന്റെ പിറകുവശത്തെ സ്ഥലം പാറപൊട്ടിച്ച് നിരപ്പാക്കി കളിസ്ഥലമാക്കി എടുക്കുന്നു.

കാലം

ദീർഘകാലം

ചുമതല

പി.ടി.എ

സാമ്പത്തിക വിശകലനം

150000 (പതിനഞ്ച് ലക്ഷം) മുനിസിപ്പ

പാചകപ്പുര നിർമ്മിക്കൽ

നിലവിലുള്ള പാചകപ്പുര ഉയ

വിസ്തീർണവും കൂട്ടി കോൺക്രീറ്റ് ചെയ്യുന്നു.

കാലം

ദീർഘകാലം

ചുമതല

പി.ടി.എ

സാമ്പത്തിക വിശകലനം

6ലക്ഷം (600000) രൂപ - മുനിസിപ്പാ

ഡൈനിങ്ങ് ഹാൾ നിർമ്മാണം

ഡൈനിങ്ങ് ഹാൾ നിർമ്മിച്ച് അവി

ശ്യമായ ബെഞ്ച്, ഡെസ്ക്, എന്നി ഉപകരണങ്ങ

ളെടുത്തുന്നു.

കാലം

ദീർഘകാലം

ചുമതല

പി ടി എ

സാമ്പത്തിക വിശകലനം

1500000 (പതിനഞ്ച് ലക്ഷം) മുനിസിപ്പാലിറ്റി.

വാട്ടർ പ്യൂരിഫയർ ലഭ്യമാക്കുക.

ബോക്ക് / ക്ലബ് തുടങ്ങിയ ഏജൻസികളെക്കൊണ്ട്

സ്പോൺസർ ചെയ്യിക്കുന്നു.

കാലം

ഹ്രസ്വകാലം

ചുമതല

പി.ടി.എ

സാമ്പത്തിക വിശകലനം

25000/- രൂപ വിവിധ ഏജൻസികളിൽ

നിന്നും സ്പോൺസർ ഷിപ്പിലൂടെ ലഭ്യമാക്കുന്നു.

ഐ ടി ലാബ് നിർമ്മാണം

പ്രൊജക്ടർ, ലാപ്ടോപ്പ്, സ്ക്രീൻ, സ്റ്റാൻഡ്

പവർ യൂണിറ്റ് (ഷർട്ടിഫിഡിയ റൂം)

കാലം

ദീർഘകാലം

ചുമതല

പി.ടി.എ

സാമ്പത്തിക വിശകലനം

700000 രൂപ SSA യിൽ നിന്നും ല

## മേഖല - സാമൂഹികം

### ലക്ഷ്യങ്ങൾ

- സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
- സ്കൂളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക
- സ്കൂൾ സുരക്ഷ ഉറപ്പാക്കുക.
- സ്കൂളിലെ ദൈനംദിനപ്രവർത്തനങ്ങളിൽ സമൂ ഇടപെടൽ ഉണ്ടാക്കുക.
- സ്കൂൾ സൗകര്യങ്ങൾ സമൂഹത്തിനുകൂടി ഉപ ടുത്തുക.

### പ്രവർത്തനങ്ങൾ - ഹ്രസ്വകാലം

1. ദിനാചരണങ്ങൾ

ദിനാചരണങ്ങളിൽ രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ, സംരക്ഷണ സമിതി അംഗങ്ങൾ, സ്വ സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ, ലൈബ്രറിയൻ എ ക്ഷണിക്കുന്നു. അവരുടെ മേൽനോട്ടത്തിൽ പ കൾ നടത്തുന്നു.

## 2. പഠനയാത്ര

സ്കൂൾ പഠന യാത്രകളിൽ മേൽ പ്രസ്താവിച്ച കൂട്ടായ്മയുടെ സഹകരണം ഉറപ്പുവരുത്തുന്നു.

## 3. കോർണർ പി.ടി.എ

കുട്ടികളുടെ വാസസ്ഥലങ്ങളോടനുബന്ധിച്ച് കോർണർ PTA നടത്തുമ്പോൾ പൂർവ വിദ്യാർത്ഥികളുടെയും ക്ലബുകളുടെയും സഹകരണം ഉറപ്പുവരുത്തുന്നു.

## 4. ബോധവൽക്കരണ ക്ലാസ്, മെഡിക്കൽ ക്യാമ്പ്

സ്കൂൾ തലത്തിൽ ബോധവൽക്കരണ ക്ലാസും മെഡിക്കൽ ക്യാമ്പുകളും നടത്തുമ്പോൾ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

## 5. വാർഷികം

സ്കൂൾ വാർഷികങ്ങളിൽ മേൽ പ്രസ്താവിച്ച കൂട്ടായ്മകളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കുന്നു.

ദീർഘകാല പ്രവർത്തനം

തിയേറ്റർ ക്ലബ്

മുതിർന്നവരുടെ ക്ലബുകളുടെ സഹകരണ

നാടകം /സംഗീതം എന്നിവ പഠിപ്പിച്ച് സ്കൂളില

പുറത്തും അവതരിപ്പിക്കുന്നു .

ചുമതല

പിടിഎ

സാമ്പത്തികം

Rs 5000/- പിടിഎ

മേഖല - മറ്റുള്ളവ

ലക്ഷ്യം

CWSN കുട്ടികളുടെ ശാരീരികവും

സികവുമായ വികാസം ഉറപ്പാക്കി അവരെ

ത്തിൽ മുൻപന്തിയിലെത്തിക്കുക.

CWSN കുട്ടികൾക്ക് ICT സാധ്യത ഉറപ്പുവരുത്ത

പ്രവർത്തനങ്ങൾ

ഹ്രസ്വകാലം

- വികലാംഗദിനം ആചരിക്കുക.

അന്ന് കലാകായിക മത്സരങ്ങളിൽ പങ്കെടുപ്

- ബോധവത്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവയിൽ പങ്കെടുപ്പിക്കുക.
- CWSN കുട്ടികൾക്കായി SSA നടത്തുന്ന പരിപാടിയിൽ കുട്ടികളെ പങ്കെടുപ്പിക്കുക.
- വിനോദയാത്രകളിൽ കുട്ടികളെ ഉൾപ്പെടുത്തുക.
- CWSN കുട്ടികൾക്കായി തൊഴിൽ പരിശീലനങ്ങൾ നടത്തുക.

ചുമതല

അധ്യാപകർ, പി.ടി.എ

സാമ്പത്തികം

Rs 25000/. പി.ടി.എ.

## ഉപമേഖല - അക്കാദമിക ഭരണം

ലക്ഷ്യങ്ങൾ

- സർഗധാരരായ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക.
- മാനസിക ഉല്ലാസം വളർത്തിയെടുക്കുക.
- ശാരീരിക മാനസിക ആരോഗ്യ വികസനം
- പഠനത്തിലൂടെ ഒരു തൊഴിൽ അറിഞ്ഞിരിക്കുക.
- ആസ്വാദനശേഷി വികസിപ്പിക്കുക.
- കലാമേഖലയിലും കൈവരിക്കുക.

## പ്രവർത്തനങ്ങൾ

### ടാലന്റ് ലാബ്

### പ്രവർത്തി പരിചയം

ചിത്രരചന രംഗത്ത് ഒരു കുട്ടി

ഒന്നാം സ്ഥാനത്ത് എത്തിക്കും എന്ന ലക്ഷ്യത്തോ

യുള്ള പ്രവർത്തനം .

### സംഗീത ക്ലാസ് – കലാപഠനം

കലാപഠനത്തിന്റെ ഭാഗമായി കുട്ടിക

സംഗീതത്തിൽ താൽപര്യമുള്ളവരെ കണ്ടെത്തി പ

രിശീലനം നൽകുന്നു .

### നൃത്തപഠനം

കുട്ടികളുടെ അഭിരുചി തിരിച്ചറിഞ്ഞ് നൃത്ത

പഠിപ്പിക്കുന്നതിന് അവസരം നൽകുന്നു .

### യോഗ പരിശീലനം

പ്രത്യേകം പരിശീലനം നേടിയ അധ്യാപ

ശിക്ഷണത്തിൽ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും

യോഗ പരിശീലനം നൽകി വരുന്നു .

ചുമതല

SRG, PTA

സാമ്പത്തികം

Rs. 2000/- പി.ടി.എ

സമഗ്ര - ഗുണമേന്മ വർഷം - പ്രവർത്തനങ്ങൾ

ജൂൺ 2 - സമഗ്ര - ഗുണമേന്മ സമിതി രൂപീകരണം

ജൂൺ 3, 4 - പ്രീടെസ്റ്റ്

ജൂൺ 5 to 30 - പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി നൽകുന്ന പ്രവർത്തനങ്ങൾ

ജൂലൈ 1 - പോസ്റ്റ് ടെസ്റ്റ്

- 30% -ൽ കുറവ് മാർക്കുള്ള കുട്ടികൾക്ക് അതാതു വിഷയങ്ങളിൽ പഠനപ്രവർത്തനങ്ങളോടനുബന്ധിച്ച് പ്രത്യേക പ്രവർത്തനങ്ങൾ തയ്യാറാക്കി നൽകുന്നു. കുട്ടികളുടെ പഠനപുരോഗതി SRG-യിൽ ചർച്ച ചെയ്യുന്നു. ഓരോ മാസത്തിലും ടേമിലും പ്രത്യേക ടെസ്റ്റ് നടത്തി വിലയിരുത്തുന്നു. ആവശ്യമെങ്കിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു.

## മോണിറ്ററിങ്ങ്

സമാപനത്തിലെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും അക്കാദമിക പ്രവർത്തനത്തിനാവശ്യമായ പിന്തുണ നൽകുകയും അവയെ വിലയിരുത്തുകയും ചെയ്യുന്നു. സുതാര്യത സാമ്പത്തിക വിനിയോഗം എന്നിവ വിശകലനം ചെയ്യുന്നു. ഇതിനായി HM, PTA, MPTA, SRG കൺവീനർ, SMC എന്നിവർ അടങ്ങിയ യൂണിറ്റ് ഉപസമിതികൾ മോണിറ്ററിങ്ങ് നടത്തുന്നതാണ്.

## ഉപസംഹാരം

അക്കാദമിക മികവിലൂടെ വിദ്യാലയ മികവിലേക്ക് എന്ന ആശയത്തിലൂന്നിയാണ് ഈ സ്കൂൾ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. എല്ലാ കുട്ടികളുടെയും സമഗ്രവികസനമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. സ്വന്തം കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും എല്ലാ കുട്ടികൾക്കും അവസരം ലഭ്യമാകുന്നുണ്ട്. പരിമിതികളെ മറികടന്നു ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കാനും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും ആഗ്രഹിക്കുന്നു. എല്ലാ കുട്ടികളുടെയും സമൂഹത്തിൻ മുഖ്യധാരയിൽ എത്തിക്കാൻ നിരന്തരശ്രമം നടത്തും എന്ന പ്രത്യാശയോടെ നിർത്തുന്നു.